കടൽഭിത്തി നിർമ്മാണം

62 (3271) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തത്തിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട് പഞ്ചായത്തിൽ എത്ര കി.മീ. ദൂരം കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ :

(ബി) സുനാമി ദുരന്തത്തിനുശേഷം കേരളത്തിൽ മൊത്തമായി എത്ര കി.മി. കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 500 മീറ്റർ.

(ബി) സുനാമി ദുരന്തത്തിനുശേഷം കൊല്ലം ജില്ലയിൽ 500 മീറ്ററും ആലപ്പുഴ ജില്ലിയിൽ 7378 മീറ്ററും എറണാകുളം ജില്ലയിൽ 1496 മീറ്ററും കാസർഗോഡ് ജില്ലയിൽ 300 മീറ്ററും കടൽഭിത്തി നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

ക്രമ നമ്പർ	പ്രവൃത്തി	ജില്ല	നീളം മീറ്ററിൽ
(1)	(2)	(3)	(4)
1	ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനിയിൽ കടൽ ഭിത്തി നവീകരണം	കൊല്ലം	380
2.	ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കലിൽ കടൽ ഭിത്തി നിർമ്മാണം	കൊല്ലം	120
3.	അന്ധകാരനഴിയിലെ കുത്തിയതോടിൽ കടൽ ഭിത്തി നവീകരണം	ആലപ്പുഴ	1000
4.	തറിയിൽ കടവിൽ കടൽഭിത്തി നവീകരണം	ആലപ്പുഴ	2000
5.	അന്ധകാരനഴിയിലെ ഒറ്റമശ്ശേരിയിൽ കടൽ ഭിത്തി നിർമ്മാണം	ആലപ്പുഴ	500
6.	ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്കുവശം കടൽഭിത്തി നവീകരണം	ആലപ്പുഴ	438
7.	അന്ധകാരനാഴി പൊഴി ലൈറ്റ് ഹൗസിന് മുൻ വശം കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	850

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
8.	ഒറ്റമശ്ശേരിയിൽ ബി.എൽ.എസ്. 172-176 കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	775
9.	അർത്തുങ്കൽ കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	1315
10	ഒറ്റമശ്ശേരിയിൽ ബി.എൽ.എസ്. 178-180 കടൽഭിത്തി നിർമ്മാണം	ആലപ്പുഴ	500
11.	ചെല്ലാനം ദ്വീപിൽ കടൽഭിത്തി നിർമ്മാണം	എറണാകുളം	1015
12.	വൈപ്പിൻ ദ്വീപിൽ കടൽഭിത്തി നവീകരണം	എറണാകുളം	481
13.	അജാനൂർ കടപ്പുറത്ത് കടൽഭിത്തി നിർമ്മാണം	കാസർഗോഡ്	300
	ആകെ		9674 മീറ്റർ

അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് നടപടി

63 (3272) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം നിയോജക മണ്ഡലത്തിലെ തുമ്പമൺ മുതൽ വഴുവാടി താഴെ വരെ അച്ചൻകോവിലാറിന്റെ തീരം സംരക്ഷിക്കുന്നതിന് ഇതുവരെ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പുതിയ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) തുമ്പമൺ മുതൽ വഴുവാടി താഴെവരെ അച്ചൻകോവിലാറിന്റെ തീരത്ത് അടിയന്തരമായി സംരക്ഷണ ഭിത്തി കെട്ടുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി-ഡി) നൂറനാട് പഞ്ചായത്തിൽ മുറിഞ്ഞപുഴ ലിഫ്റ്റ് ഇറിഗേഷന് സമീപം അച്ചൻകോവിലാറിന്റെ ഇടതുകരയുടെ സംരക്ഷണം, തഴക്കര പഞ്ചായത്തിൽ 4-ാം വാർഡിൽ കുന്നം റെയിൽപാലത്തിന് താഴ്വശത്ത് മുതുവേലിൽക്കാവിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, തഴക്കര പഞ്ചായത്തിൽ 2-ാം വാർഡിൽ ഉറുമ്പൻകാവ് ക്ഷേത്രത്തിന് സമീപം അച്ചൻകോവിലാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly